# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2987

13.07.2015 ൽ മറുപടിയ്ക്ക്

## കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്തെ വിദ്യാർത്ഥി സംഘർഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2015 ജൂൺ 23 ന് ഉച്ചയ്ക്ക് ശേഷം കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്ത് വിദ്യാർത്ഥി സംഘടനകൾ തമ്മിലുള്ള സംഘർഷത്തെത്തുടർന്ന് പോലീസ് എത്ര വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെ ;<br>(ബി) ഇവർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പ് പ്രകാരം ; വിശദമാക്കാമോ ; | (എ) & (ബി) 23.06.2015 തീയതിയിൽ കേരള യൂണിവേഴ്സിറ്റി സെനറ്റിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് SFI/KSU സംഘർഷാവസ്ഥ കേരളാ യൂണിവേഴ്സിറ്റി ഓഫീസ് പരിസരത്ത് നിലനിന്നിരുന്നതും എന്നാൽ പോലീസിന്റെ സമയോചിതമായ ഇടപെടൽ മൂലം സംഘർഷാവസ്ഥ ഒഴിവാക്കിയിട്ടുള്ളതും, കേരളാ യൂണിവേഴ്സിറ്റി ഓഫീസ് പരിസരത്തെ SFI/KSU സംഘർഷാവസ്ഥയുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് സർക്കിളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്. എന്നാൽ ടി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുൻ സെനറ്റ് മെമ്പർ ശ്രീ.ബാലമുരളിയും കണ്ടാലറിയാവുന്ന രണ്ടു സഹായികളും കേരളാ യൂണിവേഴ്സിറ്റി സെനറ്റ് ഹാളിന്റെ അകത്ത് ബലം പ്രയോഗിച്ചുകയറി യാതൊരു പ്രകോപനവുമില്ലാതെ സ്റ്റാഫ് മെമ്പേഴ്സിന്റെയും സെക്യൂരിറ്റി സ്റ്റാഫിന്റേയും മുമ്പിൽ വച്ച് കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാറെ ദേഹോപദ്രവം ഏല്പിച്ചതിലേയ്ക്കും, കേരളാ യൂണിവേഴ്സിറ്റി സ്റ്റാഫംഗങ്ങളുടെ രണ്ട് മോട്ടോർ കാറുകൾ നാശം സംഭവിപ്പിച്ചതിലേയ്ക്കും കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോക്ടർ മുഹമ്മദ്ബഷീർ നൽകിയ പരാതിയുടെ |

അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 907/15 u/s 143, 147, 148, 149, 323, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാകുന്നു. ടി കേസിലേയ്ക്ക് പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്.

| | |
|---|---|
| (സി) നന്ദാവനം പോലീസ് ക്യാമ്പിലേക്ക് പോലീസ് എത്ര പേരെയാണ് വാഹനത്തിൽ കയറ്റിക്കൊണ്ടുപോയത് ; ഇവരെ പോലീസിന് കൈമാറിയത് ആരെല്ലാം ; | (സി) 23.06.2015 ൽ എസ്.എഫ്.ഐ.കെ.എസ്.യു പ്രവർത്തകർ തമ്മിൽ സംഘാർഷാവസ്ഥ ഉണ്ടായതിനെ തുടർന്ന് കെ.എസ്.യു പ്രവർത്തകർ എം.എൽ.എ ഹോസ്റ്റലിലേക്ക് ഓടിക്കയറിയ സമയം എം.എൽ.എ ഹോസ്റ്റൽ സെക്യൂരിറ്റിയും, വാച്ച് & വാർഡും ചേർന്ന് ടിയാൻമാരെ പുറത്താക്കിയ സമയം എസ്.എഫ്.ഐ ക്കാരുമായി വീണ്ടും സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി 51 കെ.എസ്.യു പ്രവർത്തകരെ എം.എൽ.എ ഹോസ്റ്റലിന് പുറത്ത് ഗേറ്റിന് സമീപത്തു നിന്നും നീക്കം ചെയ്ത് എ.ആർ ക്യാമ്പിൽ എത്തിച്ച് തുടർന്ന് ടിയാൻമാരെ വിട്ടയച്ചിട്ടുള്ളതാണ്. |
| (ഡി) ഇവരെ അറസ്റ്റ് ചെയ്തു കൊണ്ടുപോയത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ പോലീസ് സംഘമായിരുന്നു? | (ഡി) കെ.എസ്.യു പ്രവർത്തകരെ എം.എൽ.എ ഹോസ്റ്റലിലെ ഗേറ്റിന് സമീപം കൂടിനിന്ന് സംഘർഷാവസ്ഥ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനു വേണ്ടി നീക്കം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ